LIBRARY ARCHIVES Kerala Legislative Assembly

അളവക്കൽ സ്മാരക വീവേഴ്സ് സൊസൈറ്റിയുടെ സ്ഥലം കൈമാറ്റം

160 (4742) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ചോറോട് പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന അളവക്കൽ സ്മാരക വീവേഴ്സ് സൊസൈറ്റിയുടെ കെട്ടിടവും സ്ഥലവും ചോറോട് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലിന്മേൽ വ്യവസായവകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) പ്രവർത്തനം നിലച്ച് ലിക്വിഡേറ്റ് ചെയ്ത പ്രസ്തുത വീവേഴ്സ് സൊസൈറ്റിയുടെ കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും വാല്വേഷൻ എടുത്തിട്ടുണ്ടായിരുന്നുവോ ; എങ്കിൽ ഗ്രാമപഞ്ചായത്തിന് സ്ഥലവും കെട്ടിടവും കൈമാറുന്നതിൽ കാലവിളംബം നേരിടുന്നതിനുള്ള കാരണം വെളിപ്പെടുത്താമോ ;

(സി) സ്ഥലം കൈമാറുന്നതിന് വ്യവസായ വകുപ്പുമായുള്ള ധാരണയനുസരിച്ച് പഞ്ചായത്ത് അതിന്റെ പദ്ധതിയിൽ തുക വകയിരുത്തിയിരിക്കെ, സർക്കാർ അനുമതി താമസിക്കുന്നതുമൂലം പഞ്ചായത്ത് ഫണ്ടിന്റെ വിനിയോഗത്തിനും സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അവസ്ഥയ്ക്കും പരിഹാരം നീണ്ടുപോകുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ അനുമതി നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അളവക്കൽ സ്മാരക വീവേഴ്സ് സൊസൈറ്റിയുടെ സ്ഥലത്തിന്റെ വില പുനർനിർണ്ണയം നടത്തി ലഭ്യമായിട്ടില്ല. ലിക്വിഡേഷനിലിരിക്കുന്ന സംഘമായതിനാൽ നടപടികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നു.

(സി) സംഘത്തിന് സർക്കാരിലേയ്ക്ക് ബാധ്യതകൾ നിലനിൽക്കുന്നുണ്ട്. കേരള സംസ്ഥാന സഹകരണ ആക്ട് 1969 പ്രകാരം പ്രസ്തുത ബാധ്യതകൾ ഒഴിവാക്കിയാൽ മാത്രമേ ആസ്തികൾ കൈമാറാൻ കഴിയുകയുള്ളൂ.

പരമ്പരാഗത തൊഴിൽ മേഖലയിൽ തൊഴിലവസരങ്ങൾ

161 (4743) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ 108-ാം ഇനമായി 10 കോടി രൂപ പരമ്പരാഗത തൊഴിൽ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ വിശദാംശം നൽകുമോ ?